"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. സൂഫിയ്ക്കെതിരായ അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.410/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 13/02/2021

---

പരാമർശം:- 1 ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ 18.08.2017-ലെ CTPVIG/345/2017 നമ്പർ റിപ്പോർട്ട്

2 പഞ്ചായത്ത് ഡയറക്ടറുടെ 16.03.2019-ലെ PAN/27354/2018-D9(DP) നമ്പർ കത്ത്

3 28.11.2019-ലെ ഇപിബി3/208/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. ബി. സൂഫി സമർപ്പിച്ച 27.01.2020-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 21.06.2020-ലെ PAN/17370/2019-D9(DP) നമ്പർ റിപ്പോർട്ട്

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്തിൽ ബദിയടുക്ക ടൗണിലെ പെട്രോൾ പമ്പിനു സമീപമുള്ള ശ്രീ. വസന്ത പൈ. എന്ന വ്യക്തിയുടെ ഉടമസ്ഥതയിലും സർവ്വേ നം. 1500/8 പാർട്ട്-ലുമുള്ള 351.47 ച.മീ. പ്ലിന്ത് ഏരിയ വരുന്ന ഇരുനില കൊമേഴ്സ്യൽ കെട്ടിടത്തിന് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനമുണ്ടെങ്കിലും അനുമതി നൽകുകയും രണ്ടാം നിലയുടെ നിർമ്മാണം മറച്ചുവെച്ചുവെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ മേൽ അനധികൃത നിർമ്മാണത്തിന് നമ്പർ നൽകിയത് തെറ്റായ നടപടിയാണെന്നു കണ്ടെത്തിയിട്ടുണ്ട്. തുടർന്ന് ഈ വിഷയത്തിൽ പഞ്ചായത്ത് ഡയറക്ടർ അന്വേഷണം നടത്തി പരാമർശം (2) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ബദിയടുക്ക ഗ്രാമപഞ്ചായത്തിലെ ബദിയടുക്ക വില്ലേജിലെ 1500/8 എ റീസർവേ നമ്പറിൽപ്പെട്ട സ്ഥലത്ത് ശ്രീ. വസന്തപൈ എന്നവരുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 2015-16 വർഷം 77/15-16 നമ്പർ പെർമിറ്റ് അനുവദിച്ചു നൽകിയിരുന്നുവെന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിനായി സമർപ്പിച്ച പ്ലാനും പെർമിറ്റ് ലഭിക്കുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയിരുന്ന പ്ലാനും തമ്മിൽ വ്യത്യാസം ഉള്ളതിനാൽ അപാകത പരിഹരിച്ചു സമർപ്പിക്കുന്നതിന് അറിയിപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് സമർപ്പിച്ചിരുന്നുവെന്നും സൈറ്റ് പരിശോധനക്കായി അപേക്ഷ എഞ്ചിനീയറിംഗ് വിഭാഗത്തിന് നൽകിയതിൽ കെ.പി.ബി.ആർ. പാലിക്കുന്നുണ്ടെന്ന ഓവർസീയറുടെ ശുപാർശയിന്മേൽ ടി കെട്ടിടം ആവശ്യമായ ഫീസ് ഈടാക്കി റെഗുലറൈസ് ചെയ്തു ഓണർഷിപ്പ് അനുവദിക്കാവുന്നതാണെന്നു അസിസ്റ്റന്റ് എൻജിനീയർ റിപ്പോർട്ട് നൽകിയിരുന്നുവെന്നും പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സെക്രട്ടറി നമ്പർ അനുവദിച്ചു നൽകിയെന്നും കെട്ടിടത്തിന് നമ്പർ അനുവദിച്ചു നൽകുമ്പോൾ കെ.പി.ബി.ആർ ചട്ടങ്ങളിലെ 28(1), 27(3), 27(5), 38 എന്നീച്ചട്ടങ്ങളുടെ ലംഘനം ഉണ്ടായിരുന്നുവെന്ന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നുണ്ടെന്നും പ്രസ്തുത കെട്ടിടത്തിന്റെ രണ്ടാമത്തെ നിലയിൽ റൂഫ് ഷീറ്റ് ഇട്ടു അനധികൃത നിർമ്മാണം നടത്തുന്നതായി അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയതിന്റെ

അടിസ്ഥാനത്തിൽ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുകയോ, കെ.പി.ബി.ആർ ചട്ടപ്രകാരം പ്ലാൻ സമർപ്പിച്ച നിർമ്മാണത്തിന് പഞ്ചായത്തിൽ നിന്നു അനുമതി വാങ്ങേണ്ടതാണെന്നു കാണിച്ചു ഉടമസ്ഥന് നോട്ടീസ് നൽകിയിരുന്നുവെന്നും നോട്ടീസ് നൽകിയിട്ടും അപേക്ഷകൻ യാതൊരു നടപടിയും സ്വീകരിക്കാത്തതിനെത്തുടർന്ന് 17.12.2016-നു അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടി സ്വീകരിക്കുന്നതാണെന്നു കാണിച്ച് ഉടമസ്ഥന് വീണ്ടും സെക്രട്ടറി കത്ത് നൽകിയിരുന്നുവെന്നും അതിൻ പ്രകാരം അനധികൃത നിർമ്മാണം ക്രമവൽക്കരിക്കുന്നതിനായി 13.01.2017-ന് വീണ്ടും അപേക്ഷ നൽകുകയും അതിൽ ഫയർ NOC, പാർക്കിംഗ് സൗകാര്യം എന്നിവ ഇല്ലാത്തതിനാൽ അപേക്ഷ നിരസിച്ചിരുന്നുവെന്നും തുടർന്ന് അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിന് വീണ്ടും ടിയാന് നിർദ്ദേശം നൽകിയിരുന്നുവെന്നും അതിന്മേൽ ടിയാൻ തുടർ നടപടി സ്വീകരിക്കാത്തതിനാൽ സെക്രട്ടറി കെട്ടിട ഉടമസ്ഥന് കേരള പഞ്ചയാത്ത് രാജ് നിയമത്തിലെ സെക്ഷൻ 235(W) 1 പ്രകാരം അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനുള്ള താൽക്കാലിക ഉത്തരവ് നേരിട്ട് നൽകിയിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയിതിട്ടുണ്ട്. കെട്ടിടത്തിന് നമ്പർ അനുവദിച്ച സമയത്തെ സെക്രട്ടറിയായിരുന്ന ശ്രീ. ബി. സൂഫി 30.11.2016-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കെട്ടിട നമ്പർ അനുവദിക്കുന്ന സമയത്ത് തന്നെ കെ.പി.ബി.ആർ. ചട്ടങ്ങളിലെ 28(1) 27(3) 27(5) 38 എന്നീ ചട്ടങ്ങളുടെ ലംഘനം ഉണ്ടായിരുന്നുവെന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) -ന്റെ റിപ്പോർട്ടിൽ സൂചിപ്പിക്കുകയും മേൽ ചട്ട ലംഘനത്തോടെ കെട്ടിടത്തിന് നമ്പർ അനുവദിച്ചതിൽ അക്കാലയളവിലെ സെക്രട്ടറിയായിരുന്ന ശ്രീ. ബി. സൂഫി ഉത്തരവാദിയാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ ടിയാൻ 30.11.2016-ൽ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(ബി) പ്രകാരം നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ശ്രീ. ബി. സൂഫിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേയ്ക്ക് കറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. ബി. സൂഫി പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. ബി. സൂഫിയുടെ പ്രതിമാസ പെൻഷനിൽ നിന്നും 500/- രൂപ വീതം 5 വർഷത്തേക്ക് കറവ് വരുത്താൻ താൽക്കാലിക തീരുമാനമെടുത്ത് കാരണം കാണിക്കൽ നോട്ടീസ് നൽകിയിട്ടുള്ളതിനാൽ ടിയാനെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ആയതിനാൽ കാസർഗോഡ് ജില്ലയിലെ ബദിയടുക്ക ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ബി. സൂഫിയ്ക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ട് കാലതാമസം കൂടാതെ 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യു**
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസർഗോഡ്

(പരാമർശം (1) മുതൽ (4) വരെയുള്ളവയുടെ പകർപ്പുകൾ സഹിതം)

2. ശ്രീ. ബി. സൂഫി, മുൻ സെക്രട്ടറി, ബദിയടുക്ക ഗ്രാമപഞ്ചായത്ത്

(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

6. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

7. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/208/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2021.02.15 10:55:46 IST
Reason: Approved

സെക്ഷൻ ഓഫീസർ